പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **4688** **27. 06. 2014-** ലെ മറുപടി

പ്രവാസിക്ഷേമ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ദാസൻ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) നോർക്കയിൽ ഇതുവരെ എത്രപേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്; കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നിന്ന് എത്രപേർ; പേര് വിവരം നൽകാമോ; | എ) കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിന്റെ കീഴിലുള്ള ക്ഷേമനിധിയിൽ 1,27,834 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതിൽ കൊയിലാണ്ടി താലൂക്കിൽ 4,951 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>നിതാഖത്ത് മുഖാന്തിരം തിരികെയെത്തിയവർക്ക് സംസ്ഥാന എയർപോർട്ടുകളിൽ രജിസ്റ്റർ ചെയ്യുന്നതിന് സൗകര്യം ഒരുക്കിയിരുന്നു. ഇതുവരെ 22,634 പേർ ഈ സംവിധാനത്തിലൂടെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. നിയോജകമണ്ഡലാടിസ്ഥാനത്തിൽ കണക്കുകൾ തയ്യാറാക്കിയിട്ടില്ല. |
| (ബി) പ്രവാസികളുടെ സേവനത്തിനായി സംസ്ഥാനത്ത് നിലവിൽ എല്ലാ ജില്ലകളിലും സെൽ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അത് സ്ഥാപിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ? | (ബി) ഇല്ല. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മേഖലാ ഓഫീസുകൾക്ക് പുറമേ കൊല്ലം, കോട്ടയം, തൃശൂർ, മലപ്പുറം, കണ്ണൂർ ജില്ലകളിലെ കലക്ടറേറ്റുകളിൽ നോർക്ക സെല്ലുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഇതു വരെ നോർക്ക സെല്ലുകൾ ആരംഭിച്ചിട്ടില്ലാത്ത ആലപ്പുഴ, പത്തനംതിട്ട, പാലക്കാട്, ഇടുക്കി, കാസർഗോഡ്, വയനാട് ജില്ലകളിൽ ഘട്ടം ഘട്ടമായി നോർക്ക സെല്ലുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ